*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 47 B

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**
**ആഗസ്റ്റ് 20, 2023**

# അവതാര പ്രഖ്യാപനം

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

ശേഷമ്മ രാജുവിന്റെ പത്നി സുശീലമ്മ, ഒക്ടോബർ മാസം അവരുടെ സ്വദേശത്തേക്ക് പോയി എന്തെന്നാൽ, ആ സമയത്ത് സ്കൂളുകൾ അടച്ചിരുന്നു. അവർ അവരുടെ രണ്ട് കൊച്ചു കുട്ടികൾക്കൊപ്പം കമലാപുരത്തെ അമ്മവീട്ടിലേക്ക് പോയിരുന്നു. രാജുവും അവിടുത്തെ സഹോദരനും ഉറവക്കൊണ്ടയിൽ തങ്ങി.

ഒരു ദിവസം, ശേഷമ്മരാജുവിന് ഒരു ടെലിഗ്രാം കിട്ടി, ‘‘കുട്ടിക്ക് സീരിയസ്! സത്യത്തെ കൂട്ടി വേഗം വരിക!’’

ടെലിഗ്രാം എത്തുമ്പോൾ അവർ ഉച്ചയൂണ് കഴിക്കുകയാണ്. അപ്പോൾത്തന്നെ ബാബ സമാധിയിലായി. കണ്ണു തുറന്നപ്പോൾ അവിടുന്ന് പറഞ്ഞു, ‘‘നമ്മൾ കമലാപുരത്തെത്തുമ്പോഴേക്കും അവൾക്ക് സുഖപ്പെട്ടിരിക്കും!’’

ഇത് സത്യമാണെന്ന് തെളിഞ്ഞു, കാരണം, അന്നു വൈകുന്നേരം അവർ കമലാപുരത്തെത്തുമ്പോൾ അവൾ കളിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പത്നി വിശദീകരിച്ചു, ‘‘കാലത്ത് പതിനൊന്നു മണിക്ക്, ഒരു സാധു വന്നു! അദ്ദേഹം ബോംബെ-മദ്രാസ് ട്രെയി

നിൽ അപ്പോൾ എത്തിയതാവണം എന്തെന്നാൽ, താൻ ഷിർദ്ദിയിൽനിന്ന് വരികയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം വിഭൂതി തന്നിട്ട് കുട്ടിയെ അനുഗ്രഹിച്ചു, ഉടൻതന്നെ കുട്ടിക്ക് അസുഖം ഭേദമായി!''

കൃത്യം ആ സമയത്ത് ഉറവക്കൊണ്ടയിൽ തന്റെ സഹോദരനുണ്ടായ സമാധിയെപ്പറ്റി ശേഷമ്മരാജു ഓർത്തു, ആ സാധു ആരായിരുന്നുവെന്ന് മനസ്സിലാക്കി! രാജു കമലാപുരത്ത് കുറച്ചു ദിവസങ്ങൾ തങ്ങി, നിരവധി പേർക്ക് അവിടുത്തെ അദ്ഭുത ശക്തികളിൽ ചിലത് കാണുന്നതിനുള്ള അവസരം ലഭിച്ചു!

ശരി, അവർ ഉറവക്കൊണ്ടയിലേക്ക് തിരിച്ചുപോയതിനു ശേഷം, ഡെപ്യൂട്ടി ഇൻസ്പെക്ടർ ഓഫ് സ്കൂൾസ്, ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് വർക്സ് എഞ്ചിനീയർ, ഹംപിക്ക് അടുത്തുള്ള ഹോസ്പെറ്റിലെ ചില മുനിസിപ്പൽ കൗൺസിലർമാർ, വ്യവസായികൾ ഇവർ പ്രസിദ്ധനായ സഹോദരനൊപ്പം അവരുടെ നഗരം സന്ദർശിക്കുന്നതിനായി ശേഷമ്മരാജുവിന് ഒരു സംയുക്തക്ഷണം അയച്ചു. ശേഷമ്മരാജു, ദസറ അവധിദിനങ്ങൾ മുതലാക്കി, ഒരു വലിയ സംഘത്തിനൊപ്പം ഹംപി സന്ദർശിക്കുന്നതിന് തീരുമാനിച്ചു.

ബി.സി.കൊണ്ടപ്പ ഈ യാത്രയിൽ ബാബയെ അനുഗമിച്ചിരുന്നു. അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം ഹോസ്പെറ്റിൽവച്ച് രാജുവിന്റെ ഒരു ഫോട്ടോ



കൊണ്ടപ്പയുടെ നിർബന്ധപ്രകാരം ഹോസ്പറ്റിലെ സ്റ്റുഡിയോയിൽ എടുത്ത രാജുവിന്റെ ഫോട്ടോ

എടുത്തിരുന്നു. അതിൽ കാണുന്നത് രാജു ഒരു 4-ക്യൂബിക് ധോത്തിയും മുറിക്കൈയൻ ഷർട്ടുമിട്ട്, ക്രോപ്പു ചെയ്ത മുടിയുമായി, ഒരു കസേരയിൽ ഇരിക്കുന്ന ലാളിത്യമുള്ള കുട്ടിയായിട്ടാണ്.

രാജു, ബാബയായി, പിൽക്കാലത്ത് ഓർമ്മിക്കുന്നു, ''ഞാൻ ഉറവക്കൊണ്ടയിലായിരിക്കുമ്പോൾ, ബല്ലാരിയിലെ മുനിസിപ്പൽ ചെയർമാൻ, രാമ രാജു, എന്നെ കാണാൻ വന്നു!'' അദ്ദേഹം ശേഷമ്മ രാജുവിനോട് പറഞ്ഞു, ''ഞങ്ങളീ പയ്യനെ അവധിക്ക് ബല്ലാരിയിലേക്ക് കൊണ്ടുപോയി ഞങ്ങൾക്കൊപ്പം നിർത്തുകയാണ്!''

അയാൾ കൂട്ടിച്ചേർത്തു, ''ശേഷമ്മ രാജൂ, നിങ്ങൾ ഈ കുട്ടിയെ ഒരു സാധാരണ ബാലനായാണോ കരുതുന്നത്? അതങ്ങനെയല്ല! അവന്റെ മുഖത്തെ തേജസ്സും അവന്റെ പരിശുദ്ധിയും എൻെറ ഹൃദയത്തെ കീഴടക്കിയിരിക്കുന്നു! അവന്റെയുള്ളിൽ ദിവ്യദീപ്തിയുണ്ട്. താങ്കൾ കബളിപ്പിക്കപ്പെടരുത്! താങ്കളും എന്റെയൊപ്പം വന്ന് ഞങ്ങൾക്കൊപ്പം താമസിക്കൂ!'' ബല്ലാരിയിലെ മുനിസിപ്പൽ ചെയർമാൻ പറഞ്ഞു.

''മുനിസിപ്പൽ ചെയർമാൻ ഞങ്ങളെ ഹംപിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഞാനിപ്പോൾ പറയാൻ പോകുന്നത് പൊങ്ങച്ചമെന്നോ പെരുപ്പിച്ചുപറയലെന്നോ ഭാവനയെന്നോ കരുതരുത്!'' ബാബ പറഞ്ഞു.

ആ സംഘം മുഴുവനും വിരൂപാക്ഷക്ഷേത്രത്തിന്റെ അകത്തു കയറി!

''ഞാൻ അവർക്കൊപ്പം ക്ഷേത്രത്തിനകത്തേക്ക് വരുന്നില്ല എന്ന് പറഞ്ഞിരിന്നുവെങ്കിൽ, മറ്റുള്ളവർക്ക് ദേഷ്യമായേനേ, അവർ എതിർത്തേനേ. എനിക്ക് വയറുവേദനയാണെന്നും ക്ഷേത്രത്തിനകത്തേക്ക് വരുന്നതിന് താത്പര്യമില്ല എന്നും ഞാൻ പറഞ്ഞു!''

''സംഘാംഗങ്ങളെല്ലാവരും, തമ്മിരാജു ഉൾപ്പടെ, ഉള്ളിലേക്ക് പോയി. അവർ 40 അഥവാ 50 ആളുകളുണ്ടാവും. രാമരാജുവിന് ഈശ്വരവിചാരം മാത്രമേ ഉണ്ടായിരുന്നുള്ളൂ, മറ്റൊന്നുമില്ല! അദ്ദേഹം ഒപ്പം ചെല്ലുന്നതിന് എന്നെ പലവട്ടം നിർബന്ധിക്കുകയുണ്ടായി.

ഞാനന്ന് തീരെ ചെറിയ കുട്ടിയാണ്! അദ്ദേഹം എന്റെ ഇരുകൈകളും കൂട്ടിപ്പിടിച്ചുകൊണ്ട് കേണപേക്ഷിച്ചു, 'ദയവായി വന്നാലും!' എന്നാൽ എന്റെ ദൃഢനിശ്ചയം കണ്ടിട്ട്, അദ്ദേഹം കൂടുതൽ നിർബന്ധിച്ചില്ല.''



ഹംപി വിരൂപാക്ഷക്ഷേത്രം. 3 ഗോപുരങ്ങളും ചിത്രത്തിൽ കാണാം.

''ക്ഷേത്രത്തിനുള്ളിൽ, വിരൂപാക്ഷമൂർത്തിക്ക് ആരതിയെടുക്കുകയായിരുന്നു. പക്ഷേ, വിഗ്രഹം അവിടെ ഉണ്ടായിരുന്നില്ല! ശ്രീകോവിലിൽ ഞാനായിരുന്നു!''ഇതുകണ്ടിട്ട്, ശേഷമ്മ രാജുവിന് കോപമായി. ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിന് നിരസിച്ചിട്ട് ഞാൻ നിഗൂഢമായി കയറി വിഗ്രഹത്തിന്റെ സ്ഥാനം കൈയടക്കിയതാണെന്നായിരുന്നു അദ്ദേഹം കരുതിയത്. ഇത് വലിയ ദൈവനിന്ദ യായി അദ്ദേഹത്തിനു തോന്നി. മുനി സിപ്പൽ ചെയർമാൻ, എന്നിരുന്നാലും, അത്തരത്തിൽ ചിന്തിച്ചതേയില്ല. രാജുതന്നെ വിരൂപാക്ഷൻ എന്നും വിരൂപാക്ഷൻ എന്നാൽ രാജു എന്നു മാണ് അദ്ദേഹത്തിന് തോന്നിയത്.''



പ്രധാന ശ്രീകോവിലിലേക്ക് നയിക്കുന്ന രണ്ടാമത്തെ ഗോപുരം

"ശേഷമ്മ രാജു ക്ഷേത്രത്തിനു വെളിയിൽ വന്നപ്പോൾ ഞാനവിടെ ഇരിക്കുന്നതാണ് കണ്ടത്. അദ്ദേഹം ആകപ്പാടെ സംശയാലുവായിത്തീർന്നു. ഞാൻ അകത്തുണ്ടോ എന്നറിയുന്നതിനായി അദ്ദേഹം ആരെയോ ഉള്ളിലേക്കയച്ചു, പുറത്തുള്ള എന്നെ നിരീക്ഷിച്ചുകൊണ്ട് അദ്ദേഹം സ്വയം വെളിയിൽത്തന്നെ നിന്നു. ഞാൻ ക്ഷേത്രത്തിനു പുറത്തും അതുപോലെ അകത്തും ഉണ്ടായിരുന്നു! ശേഷമ്മ രാജുവിന് അകമേ വലിയ സന്തോഷം തോന്നി, പക്ഷേ അതെപ്പറ്റി ഒന്നും എന്നോട് മിണ്ടിയില്ല, തനിക്കുള്ള ഒരു വേറിട്ട അനുഭവമായി അതിനെ കരുതി!"

ഈ അനുഭവം നിരവധി ആളുകൾക്ക് അറിവുള്ളതായിരുന്നു, സ്വാമി എല്ലായിടത്തുമുണ്ടെന്നുള്ളതിന്റെ സൂചനയായിരുന്നു അത്. അവിടുന്ന് വിരൂപാക്ഷക്ഷേത്രം സന്ദർശിച്ച വേളയിൽ, അവിടുന്ന് ക്ഷേത്രത്തിനു പുറത്തായിരുന്നപ്പോൾ, അവിടുന്നിനെ ക്ഷേത്രത്തിന്റെ ശ്രീകോവിലിന്റെ ഉള്ളിലും കാണപ്പെടുകയുണ്ടായി.



ഹംപി വിരൂപാക്ഷമൂർത്തി. ഈ ശിവലിംഗത്തിന്റെ സ്ഥാനത്താണ് രാജുവിനെ സംഘം ദർശിച്ചത്. വലിയ കണ്ണുകളുള്ള ഒരു വെള്ളിമുഖം കൊണ്ട് ഈ ശിവലിംഗത്തെ പൊതിയും.(ഫോട്ടോ ക്രഡിറ്റ്: അരവിന്ദ് ബാലസുബ്രഹ്മണ്യ)

ശരി, ബാബ വിശദീകരണം തുടർന്നു. “എന്നിട്ട് അവരെന്നെ ബല്ലാരിക്ക് കൂട്ടിക്കൊണ്ടുവന്നു. അവിടെ ഏതാനും ദിവസങ്ങൾ തങ്ങിയതിനിടയ്ക്ക്, മുനിസിപ്പൽ ചെയർമാൻ എന്നെ പ്രശംസിച്ചുകൊണ്ട് വിവിധ ആഫീസർമാർക്ക് പരിചയപ്പെടുത്തുകയുണ്ടായി! ആ ദിവസങ്ങളിൽ എന്നെ ആരും സ്വാമി എന്ന് വിളിക്കാറില്ലായിരുന്നു, രാജു എന്നു മാത്രം. ചെയർമാൻ ഒരു കൊച്ചു പയ്യനെ പൊക്കിക്കൊണ്ടു നടക്കുകയാണ് എന്ന് ആഫീസർമാരിൽ ചിലർക്ക് തോന്നി, അവരതുവച്ച് കളിയാക്കാൻപോലും ശ്രമിച്ചു.”

“എന്നെ ബല്ലാരിക്ക് കൊണ്ടുവരുന്നതിനു മുമ്പ്, മുനിസിപ്പൽ ചെയർമാൻ എനിക്ക് ഒരു ഷർട്ടും ഒരു ജോടി നിക്കറും തയ്പിച്ചത് സമ്മാനിക്കുകയുണ്ടായി. ഇപ്പോൾക്കൂടി ഞാൻ അത്ര ചെറുതാണ്! അന്ന് ഞാൻ എത്രമാത്രം ചെറുതായിരുന്നു എന്ന് നിങ്ങൾക്ക് സങ്കൽപിക്കാവുന്നതേയുള്ളൂ! ആ ദിവസങ്ങളിൽ, കൊച്ചു കുട്ടികൾക്ക് ഷർട്ടിന്റെ കോളറിൽ ഒരു പിൻ കുത്തുന്നത് ഫാഷനാണ്. വസ്ത്രമല്ലാതെ മറ്റെന്താണ് എനിക്ക് തരിക എന്ന് മുനിസിപ്പൽ ചെയർമാൻ അതിശയിക്കുകയായിരുന്നു. അദ്ദേഹം തട്ടാനെ സമീപിച്ചിട്ട് ഒരു മണിക്കൂർ നേരം കൊണ്ട് എനിക്കായി ഒരു സ്വർണ കോളർ പിൻ ഉണ്ടാക്കിച്ചു.”

“എന്റെ ഷർട്ടിൽ അത് കുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു, ‘രാജൂ, ഈ പിൻ ധരിക്കുമ്പോഴൊക്കെ നീ എന്നെ ഓർക്കണം!’ ഞങ്ങൾ ബസ്സിൽ ഉറവക്കൊണ്ടയ്ക്ക് തിരിച്ചുപോന്നു.”

“രണ്ടു ദിവസത്തിനു ശേഷം സ്കൂൾ വീണ്ടും തുറന്നു. ഞാൻ സ്കൂളിലേക്ക് പോവുകയായിരുന്നു. വഴിക്ക്, കോളർ പിൻ ഷർട്ടിൽനിന്ന് ഊരിവീണു! അത് കണ്ടുകിട്ടിയില്ല.

അപ്പോൾ ഞാനൊരു പാട്ട് പാടി, ‘കോളർ പിന്നിന്റെ നഷ്ടം ലൗകിക ബന്ധനത്തിൽനിന്ന് എന്നെ മുക്തനാക്കി!’ ഞാൻ പാടി.” അവിടുന്ന് അക്കാലത്ത് തെലുങ്കിൽ രചിച്ച ആ ഗാനത്തിന്റെ പൊരുൾ ഇതായിരുന്നു:


സ്കൂളിലേക്ക് പോകുമ്പോൾ,
ഹംപിയിൽനിന്ന് തിരിച്ചെത്തിക്കഴിഞ്ഞ്,
ബാബയുടെ കോളർപിൻ കണ്ടെത്താനായില്ല.
അത് പരിവർത്തനദിനമായിരുന്നു!

പിൻ കളഞ്ഞുപോയത് ഒരു വലിയ മാറ്റത്തിന് കാരണമായിരുന്നു.

''ലൗകിക കെട്ടുപാടുകളുമായുള്ള ബന്ധം പിന്നിന്റെ രൂപത്തിൽ പൊയ്പോയിരുന്നു. ഹംപിയിലേക്കുള്ള തീർത്ഥാടനവും അതിന്റെ ലക്ഷ്യം കണ്ടു. മായയിൽനിന്നുള്ള മോചനം കരഗതമായി!''

''ആ ദിവസം...'' ബാബ തുടരുന്നു, ''ഞാൻ വീട് ഉപേക്ഷിച്ചു! ലൗകിക വസ്തുക്കളുമായുള്ള ബന്ധം ഒരു തരം മായയാകുന്നു. ഈ വസ്തുക്കൾ ഉപേക്ഷിക്കുമ്പോൾ, മായയിൽനിന്ന് മുക്തി നേടുന്നു!''

രാജു ഹംപിയിൽനിന്ന് ഉറവക്കൊണ്ടയിലേക്ക് തിരിച്ചുപോയി, നേരേ അവിടുത്തെ അദ്ധ്യാപകനായ തമ്മിരാജുവിന്റെ ഭവനത്തിലേക്കാണ് വ്യക്തമായും പോയത്. അദ്ദേഹം ഈ സംഭവത്തെക്കുറിച്ച് ഇപ്രകാരം വിവരിക്കുന്നു:



ഭഗവാന്റെ അധ്യാപകനായിരുന്ന മഞ്ചിരാജു തമ്മിരാജുവും പത്നിയായ കാമേശ്വരമ്മയും

“അവിടുന്നിനൊപ്പം, കമ്മീഷണറും അദ്ദേഹത്തിന്റെ പത്നിയായ നരസ രാജുവും വന്നു, ഒപ്പം നിരവധി ആളുകളും, 25 പേരിലധികം വരും.”



ആഞ്ജനേയലുവിന്റെ ബംഗ്ലാവിന്റെ പ്രവേശനകവാടം. ഇന്ന് ഉറവക്കൊണ്ട സത്യസായി സെന്റർ

അവിടുന്ന് കോടേശ്വരമ്മയെ വിളിച്ചു, “അമ്മായീ, ഈ ആളുകൾക്കെല്ലാവർക്കും ലഘുഭക്ഷണവും കാപ്പിയും കൊടുക്കൂ!”

പാവം സ്ത്രീ അന്ധാളിച്ചുപോയി. അവർ രാജുവിനെ ഭയത്തോടെ നോക്കി, എന്തെന്നാൽ ഉണ്ടായിരുന്ന ഭക്ഷണവും പാനീയവും തീർത്തും അപര്യാപ്തമായിരുന്നു.



ആഞ്ജനേയലു

രാജു പറഞ്ഞു, “പേടിക്കേണ്ട! ടിഫിൻ തികയും. ഈ ആളുകൾക്ക് ആദ്യം വിളമ്പൂ!”

“എന്റെ ഭാര്യ വിളമ്പാൻ തുടങ്ങി! മുഴുവൻ സംഘത്തിനും, ഞങ്ങളുടെ കുടുംബത്തിനും അത് തികഞ്ഞു! ചമത്കാരം നോക്കൂ! അല്പം ഭക്ഷണം, ഭഗവാന്റെ നിർദ്ദേശപ്രകാരം, അവിടെ കൂടിയിരുന്ന ആളുകൾക്കൊക്കെ മതിയാകത്തക്കവിധം പെരുകിയത്!”

പിറ്റേ ദിവസം ഒക്ടോബർ 20 ആയിരുന്നു. കാലത്തു മുതൽക്കേ രാജു മനോരാജ്യത്തിൽ സ്വയം മറന്നതുപോലെ കാണപ്പെട്ടു. എന്നിരുന്നാലും, അവൻ സ്കൂളിൽ പോകാൻ തയ്യാറായി. നരസിംഹദാസും സുബ്ബു രത്നമ്മയും അവനെ സ്കൂളിലേക്ക് അനുഗമിച്ചു.

കൊച്ചു രാജു വിചിത്രമായി ഏകചിന്തയിൽ വ്യാപൃതനായി കാണപ്പെട്ടു. സ്കൂൾ ദിനം പകുതിയായപ്പോഴേക്ക്, അവിടുത്തെ ആവേശം കലഹിച്ചുതുടങ്ങി, പതിവുജീവിതത്തിൽനിന്നുള്ള ആലോചിച്ചുറപ്പിച്ച വേർപാട് സംഭവിച്ചു. അവിടുന്ന് വീട്ടിലേക്ക് തിരിച്ചുപോയി, സ്കൂൾ പുസ്തകങ്ങൾ താഴെ എറിഞ്ഞു, പിന്നെ നാടകീയമായ പ്രഖ്യാപനം വന്നു, ''ഞാൻ ഇനി നിങ്ങളുടെ സത്യനല്ല! ഞാൻ സായി ആകുന്നു!''


സുശീലമ്മ

അരകല്ലുമായി തിരക്കിലായിരുന്ന സുശീലമ്മ, അവിടുത്തെ ജ്യേഷ്ഠത്തി, അടുക്കളയിൽനിന്ന് പുറത്തുവന്നു. ഈ നാടകീയ രംഗം അവർ കണ്ടു, അവർക്ക് ആകാംക്ഷയായി. എന്താണ് സംഭവിച്ചതെന്ന് അവർക്ക് അന്വേഷിക്കാനാവുന്നതിനു മുമ്പേ, അവർ സാക്ഷിനിന്ന കൊച്ചുപയ്യന്റെ ശിരസ്സിനു പുറകിലെ വിചിത്രമായ തേജസ്സിനാൽ അവർക്ക് ഏറെക്കുറെ കണ്ണഞ്ചിപ്പോയി. അവർ അവരുടെ കണ്ണുകൾ പൂട്ടി നിലവിളിച്ചു.

രാജു അവരെ അഭിസംബോധന ചെയ്തു, ''ഞാൻ പോവുകയാണ്! ഞാൻ നിങ്ങളുടേതല്ല! മായ പൊയ്പോയിരിക്കുന്നു! എന്റെ ഭക്തർ എന്നെ വിളിക്കുന്നു! എനിക്ക് എന്റെ ജോലിയുണ്ട്! എനിക്കിനിയും തങ്ങാനാവില്ല!'' അവർ അപേക്ഷിച്ചുവെന്നാലും, ഇപ്രകാരം പറഞ്ഞുകൊണ്ട് അവിടുന്ന് പിന്തിരിഞ്ഞ് അവിടം വിട്ടുപോയി.

ഇതെല്ലാം കേട്ടിട്ട് ശേഷമ്മ രാജു തിരക്കിട്ട് വീട്ടിലേക്ക് ചെന്നു. രാജു അദ്ദേഹത്തോട് പറഞ്ഞു, ''എന്നെ സുഖപ്പെടുത്താനുള്ള നിങ്ങളുടെ എല്ലാ ശ്രമവും ഉപേക്ഷിക്കൂ! ഞാൻ സായി ആകുന്നു! നിങ്ങളുമായി എനിക്ക് ബന്ധമുണ്ടെന്ന് ഞാൻ കരുതുന്നില്ല!''

അയൽവാസിയായ ശ്രീ നാരായണ ശാസ്ത്രി ഈ ബഹളം കേട്ടു. അദ്ദേഹം ശ്രദ്ധിച്ചു, രാജുവിന്റെ പതിവില്ലാത്ത ഗൗരവം തിരിച്ചറിഞ്ഞ്, അദ്ദേഹം അകത്തേക്ക് ഓടിവന്നു. അന്ധാളിച്ചുപോയ സുശീലമ്മ, രാജുവിനോട് സംസാരിച്ച് എന്താണ് സംഭവിച്ചത് എന്ന് കണ്ടെത്തുന്നതിനായി നാരായണ ശാസ്ത്രിയെ ചുമതലപ്പെടുത്തി. നാരായണ ശാസ്ത്രി ആ പ്രഭാവലയത്തിന്റെ തേജസ്സു കണ്ടിട്ട് ബാബയുടെ കാൽക്കൽ വീണു.

അദ്ദേഹവും ആ ചരിത്രപരമായ പ്രഖ്യാപനം കേട്ടു, "മായ വിട്ടുപോയിരിക്കുന്നു! ഞാൻ പോവുകയാണ്! എന്റെ ജോലി കാത്തിരിക്കുന്നു!"



ആഞ്ജനേയലുവിന്റെ ഭവനം. ഇന്ന് ഭജൻ ഹാളാണ്

ശേഷമ്മ രാജു പറഞ്ഞതു പ്രകാരം, "ഞാൻ അബ്ബായി യുടെ(രാജുവിന്റെ) സമീപം ഇടയ്ക്കിടെ ചിലപ്പോ ഴൊക്കെ വരുമായിരുന്നു. 'ഞാൻ സത്യനല്ല, ഞാൻ സായി ആകുന്നു! ഇനി മുതൽ, ഞാൻ അവിടു ന്നാണ്!' എന്ന വിളംബരം ഞാൻ കേട്ടു."

രാജു ഇപ്പോൾ പൂർണ്ണമായും സായി ബാബയാണെന്നും മേലിൽ തന്റെ സഹോദരനല്ല എന്നും ശേഷമ്മ രാജു ഇപ്പോൾ പൂർണ്ണമായും അറിഞ്ഞു! ശേഷമ്മ രാജു സ്തബ്ധനായി, "എന്താണീ

പുതിയ കാര്യം ഇപ്പോൾ സംഭവിക്കുന്നത്? രാജു നേരത്തേതന്നെ ആവശ്യത്തിന് പ്രശ്ന ങ്ങളുണ്ടാക്കിക്കഴിഞ്ഞു, ഇപ്പോൾ ഭക്തരുടെ, മാനവർക്കായുള്ള ദൗത്യത്തിന്റെ, പുതിയ കഥയും!"

വളരെ കുറച്ചു സമയമേ അവശേഷിക്കുന്നുള്ളൂ, ഒത്തിരി ചെയ്യാനും! രാജു, അവിടുത്തെ നിഗൂഢവും ദുഷ്കരവുമായ രീതിയിൽ, പെട്ടെന്ന് കണ്ടെത്താൻ പ്രയാസമുള്ള എവി ടേക്കെങ്കിലും പോകുന്നതിനായി തീരുമാനിച്ചേക്കാം. തന്റെ മാതാപിതാക്കൾ രാജുവിന്റെ സംരക്ഷണം തന്നെ ഏൽപ്പിച്ചിരിക്കുകയാണ്. രക്ഷിതാക്കൾ വരുന്നതുവരെയെങ്കിലും, അവനെ തടഞ്ഞുനിർത്തേണ്ടതുണ്ട്.

രാജു എക്സൈസ് ഇൻസ്പെക്ടറുടെ ബംഗ്ലാവിന്റെ ഉദ്യാനത്തിൽനിന്ന് പുറത്തു കടന്ന്, വൃക്ഷങ്ങൾക്കിടയിലുള്ള ഒരു പാറയുടെ മുകളിൽ ഇരിപ്പായി. എല്ലാ ദിക്കിൽനിന്നും ആൾക്കാർ പൂക്കളും പഴങ്ങളുമായി ഉദ്യാനത്തിലേക്ക് വന്നു. ആ സ്ഥലം അനുയായിക ളുടെ ശബ്ദത്താൽ, രാജു അവരെ പഠിപ്പിച്ച വരികൾ ഒരുമിച്ച് പാടുന്നതിന്റെ ശബ്ദത്താൽ, മുഖരിതമായി.

അവിടുന്ന് അവരെ പഠിപ്പിച്ച ആദ്യത്തെ ഭജന, പലരും ഇന്നും ഓർക്കുന്നു:

മാനസ ഭജൊരേ ഗുരു ചരണം
ദുസ്തര ഭവസാഗര തരണം

*അല്ലയോ മനസ്സേ,*
*ഗുരുവിന്റെ പാദത്തെ ധ്യാനിക്കൂ!*
*ലൗകിക ജീവിതത്തിന്റെ ദുഷ്കര സമുദ്രം താണ്ടാൻ*
*അത് നിങ്ങളെ സഹായിക്കും!*

ഇതാണ് നമ്മൾ 'അവതാരപ്രഖ്യാപന ദിനം' എന്നു വിളിക്കുന്നത്, 1940 ഒക്ടോബർ 20. ഈ സ്കൂൾ സംഭവം, രാജു സായി ബാബയെന്ന നിലയ്ക്ക് തന്റെ സ്വത്വം വെളിപ്പെടു ത്തിയ ആദ്യ സംഭവമാണെന്ന് പലരും വിശ്വസിക്കുന്നു, അവൻ മഹാഗുരുവെന്ന് വിളിക്ക പ്പെട്ടു! അതിനാൽ രണ്ടാമത്തെ സംഭവം മഹത്തായ പ്രഖ്യാപന(Grand Declaration)മായി കരുതപ്പെടുന്നു!

**"When He cast away history books and made His way into His-story books"**



**That is the story of the Sathya Sai Avatar...**

നിങ്ങളുടെ സമയത്തിന് നന്ദി. നമുക്ക് വീണ്ടും കാണാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)